# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 236/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭാ മാനവശാക്തീകരണ വിഭാഗത്തിന്റെ (Ministry of Human Empowerment) ആഭിമുഖ്യത്തിൽ ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടപ്പിലാക്കി വരികയാണല്ലോ. കുട്ടികളിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരേ ബോധവൽക്കരണം നൽകുന്ന **DRUXIT** എന്ന ത്രിവത്സര പദ്ധതി ഇപ്പോൾ നടന്നുവരികയാണ്. നമ്മുടെ സഭാമക്കൾക്കും പൊതുസമൂഹത്തിനും ഏറെ പ്രയോജനപ്രദമായ രണ്ട് പദ്ധതികൾ കൂടി ഈ വർഷം മുതൽ ആവിഷ്ക്കരിക്കുകയാണ്. ജീവിതശൈലീ രോഗങ്ങളടക്കം ഗുരുതരവും അല്ലാത്തതുമായ രോഗാതുരമായ ഒരു സമൂഹമാണല്ലോ നമ്മുടേത്. രോഗങ്ങൾ വർദ്ധിച്ചതോടെ ആതുരസേവന മേഖലയും വൻതോതിൽ വാണിജ്യവൽക്കരിക്കപ്പെടുന്ന ദുരവസ്ഥയാണ് ഇപ്പോഴുള്ളത്. ചില ആതുരാലയങ്ങൾ നടത്തുന്ന ശ്ലാഘനീയമായ ചികിത്സാരീതിയും രോഗീപരിചരണവും ഒഴിച്ചു നിറുത്തിയാൽ, കച്ചവട താല്പര്യങ്ങൾ മുൻനിർത്തി അനാവശ്യമായ ടെസ്റ്റുകൾക്കും ശസ്ത്രക്രിയകൾക്കും വിധേയരാകുവാൻ അനേകം രോഗികൾ നിർബ്ബന്ധിതരാക്കപ്പെടുന്നുണ്ട്. പല രോഗികൾക്കും രോഗചികിൽസ എന്നത് പേടിസ്വപ്നമായി മാറുന്നു.

ഗുരുതരവും അല്ലാത്തതുമായ രോഗങ്ങളാൽ വലയുന്ന പല രോഗികൾക്കും വിദഗ്ദ്ധരായ ഏത് ഡോക്ടർമാരെ കാണണമെന്നോ രോഗനിർണ്ണയം എവിടെ നടത്തണമെന്നോ, ചികിൽസയ്ക്ക് എത്ര പണം ആവശ്യമായി വരുമെന്നോ ഒരു നിശ്ചയവുമില്ല; അതുകൊണ്ടു തന്നെ ചിലരെങ്കിലും കബളിപ്പിക്കപ്പെടുന്നുമുണ്ട്. ഇക്കാര്യത്തിൽ രോഗികൾക്കു വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിന് **'സൗഖ്യയാൻ'** എന്ന പേരിൽ ഒരു മെഡിക്കൽ ഹെൽപ്പ്ലൈൻ ആരംഭിക്കുകയാണ്.

കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ, വായ്പകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് നമ്മുടെ വിശ്വാസികളെ ബോധവൽക്കരിക്കുവാനും ന്യൂനപക്ഷമെന്ന നിലയിൽ നാം നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ പെടുത്തുവാനും ലക്ഷ്യമിട്ടുകൊണ്ട് **'കരുതൽ'** എന്ന പദ്ധതിയും ആരംഭിക്കുകയാണ്. മേൽപ്പറഞ്ഞ രണ്ടുപദ്ധതികളും സംബന്ധിച്ച വിശദവിവരങ്ങൾ മാനവശാക്തീകരണ വിഭാഗത്തിൽ നിന്ന് നിങ്ങളെ അറിയിക്കുന്നതാണ്. രണ്ടു പദ്ധതികളും ഫലപ്രദമായി ഇടവകകളിൽ നടപ്പിലാക്കുവാൻ വൈദികരും ആത്മീയസംഘടനകളും ശ്രദ്ധിക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2024 സെപ്റ്റംബർ മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**